പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 565

27/02/2018 - ൽ മറുപടിക്ക്

## ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ടെന്നും, ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ ; | എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ 195 ത്രിവേണി സൂപ്പർ മാർക്കറ്റുകളും, 12 ഇ-ത്രിവേണി സ്റ്റോറുകളും, 59 മൊബൈൽ ത്രിവേണികളും പ്രവർത്തിക്കുന്നുണ്ട്. ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സാധ്യതാപഠനം നടത്തി അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്. |
| ബി) | പ്രസ്തുത സ്റ്റോറുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ? | ബി) | പ്രസ്തുത സ്റ്റോറുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഫെഡറേഷന്റെ വാങ്ങൽ നടപടികൾ ക്രമപ്പെടുത്തുന്നത്. ഇ-ടെണ്ടർ മുഖേന ടെണ്ടർ സമർപ്പിക്കുന്ന പാർട്ടികൾ നൽകുന്ന സാമ്പിളുകൾ ടി കമ്മിറ്റി പരിശോധിച്ച്, ഗുണമേന്മ ഉറപ്പുവരുത്തി കമ്മിറ്റി അംഗീകരിക്കുന്നവ മാത്രമാണ് ഫെഡറേഷൻ പർച്ചേസ് ചെയ്തുവരുന്നത്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി അരിപോലുള്ള ഇനങ്ങൾ വേവിച്ചു നോക്കുന്നുണ്ട്. ഇത്തരത്തിൽ അപ്രൂവ് ചെയ്യുന്ന സാമ്പിളുകളുടെ ഒരു വിഹിതം ബന്ധപ്പെട്ട കൺസ്യൂമർഫെഡ് ഗോഡൗണുകളിൽ പർച്ചേസ് ഓർഡറിനോടൊപ്പം അയയ്ക്കുകയും ചെയ്യുന്നുണ്ട്. ഹെഡ്ഡാഫീസിൽ നിന്നും അംഗീകാരം നൽകിയിട്ടുള്ള സാമ്പിളിലെ ഗുണമേന്മ |

| | | | |
|---|---|---|---|
| | | | പരിശോധിക്കണമെന്നും സാമ്പിളിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടാകുന്ന പക്ഷം അത് സ്വീകരിക്കരുതെന്നുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്സവ കാലങ്ങളിൽ കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാ സാധനങ്ങളുടെയും ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധന നടത്തി ലഭ്യമാക്കുന്ന ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തിയാണ് സാധനങ്ങൾ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ